(സി) ഉണ്ട്; മണ്ണന്തല, ഷൊർണ്ണൂർ ഗവ. പ്രസ്സുകളിലേയ്ക്കായി 4.6 കോടി രൂപ ചെലവിൽ രണ്ട് ഫോർകളർ വെബ് ഓഫ്സെറ്റ് മെഷീനുകളും, വാഴൂർ ഗവ. പ്രസ്സിലേക്കുള്ള ഒരു ഫോർകളർ വെബ് ഓഫ്സെറ്റ് മെഷീൻ 1,59,54,534 രൂപ ചെലവിലും വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. എച്ച്.എം.റ്റി. -യിൽ നിന്നും ബൈ ബാക്ക് സ്കീമിൽ വാങ്ങുന്ന 2.35 കോടി രൂപ വിലവരുന്ന മെഷീനുകൾ സ്ഥാപിച്ചു തുടങ്ങിയിട്ടുണ്ട്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

(ഇ) അച്ചടി ജോലികൾ സമയബന്ധിതമായി നടത്തി വരുന്നു.

**സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളുടെ നവീകരണം**

235(443) ശ്രീ. എം. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി എത്ര കോടി രൂപയുടെ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി എന്ന് വിശദീകരിക്കുമോ ;

(ബി) സർക്കാർ പ്രസ്സ് ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ ;

(സി) ഷൊർണൂർ സർക്കാർ പ്രസ്സിന്റെ നവീകരണത്തിനായി എന്തെല്ലാം ആധുനിക സജ്ജീകരണങ്ങളാണ് ഈ സർക്കാർ ആവിഷ്ക്കരിച്ചു നടപ്പിലാക്കിയത് എന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗവ. പ്രസ്സുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് വാങ്ങിയിട്ടുള്ള മെഷീനറികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

തിരുവനന്തപുരം ഗവ. പ്രസ്സിൽ പുതിയ കെട്ടിടത്തിന്റെ നിർമ്മാണം-3.2 കോടി രൂപ

കൊല്ലം പ്രസ്സിനു വേണ്ടി ഉമയനല്ലൂരിൽ കെട്ടിടം പണി- 105 ലക്ഷം

ഷൊർണ്ണൂർ ഗവ. പ്രസ്സിൽ- റീൽ പേപ്പർ ഗോഡൗൺ 25 ലക്ഷം

വേസ്റ്റ് പേപ്പർ ഗോഡൗൺ- 17 ലക്ഷം രൂപ

പ്രസ്സ് കർട്ടേഴ്സിന് ചുറ്റുമതിൽ നിർമ്മാണം- 25 ലക്ഷം രൂപ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് ഗവ. പ്രസ്സിൽ - 17.5 ലക്ഷം രൂപ റീൽ പേപ്പർ ഗോഡൗൺ നിർമ്മാണം

എറണാകുളം ഗവ. പ്രസ്സിൽ ഇലക്ട്രിക് കപ്പാസിറ്ററുകൾ സ്ഥാപിക്കൽ -2.25 ലക്ഷം രൂപ

കോഴിക്കോട് ഗവ. പ്രസ്സിൽ ഇലക്ട്രിക് കപ്പാസിറ്ററുകൾ സ്ഥാപിക്കൽ -1.90 ലക്ഷം രൂപ

(ബി) ലെറ്റർ പ്രസ്സ് വിഭാഗത്തിലുള്ള കമ്പോസിറ്റർമാർക്കും കെൽട്രോൺ മുഖേന ഡി.റ്റി.പി. പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ 25 ജീവനക്കാർക്ക് അഡ്വാൻസ് ഡി.റ്റി.പി. പരിശീലനം നൽകിയിട്ടുണ്ട്. ലെറ്റർ പ്രസ്സ് വിഭാഗത്തിൽപ്പെട്ട പ്രിന്റർമാർക്കും ഓഫ്സെറ്റ് പ്രിന്റിംഗിൽ വകുപ്പുതലത്തിൽ പരിശീലനം നൽകിയിട്ടുണ്ട്.

(സി) ഷൊർണൂർ ഗവ. പ്രസ്സിന്റെ നവീകരണത്തിനായി വാങ്ങിയിട്ടുള്ള പുതിയ മെഷീനുകളുടെ വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.* 11,00,000 രൂപ വിലയുള്ള ആട്ടോപ്രിൻറ് നമ്പറിംഗ് മെഷീൻ വാങ്ങിയിട്ടുണ്ട്. 2.3 കോടി രൂപ ചെലവിൽ 4 കളർ വെബ് ഓഫ്സെറ്റ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

റീൽ പേപ്പർ ഗോഡൗൺ നിർമ്മാണത്തിന് 25 ലക്ഷത്തിന്റെയും വേസ്റ്റ് പേപ്പർ ഗോഡൗൺ നിർമ്മാണത്തിന് 17 ലക്ഷത്തിന്റെയും പ്രസ്സ് കാർട്ടേഴ്സിന്റെ ചുറ്റുമതിൽ നിർമ്മാണത്തിന് 25 ലക്ഷത്തിന്റെയും ഭരണാനുമതി നൽകിയിട്ടുണ്ട്. വേസ്റ്റ് പേപ്പർ ഗോഡൗണിന്റെ പണികൾ ഏതാണ്ട് പൂർത്തിയാക്കി. കാർട്ടേഴ്സിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്സിൽ ജീവനക്കാരുടെ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിന് ഷെഡ് നിർമ്മിക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു.

**സർക്കാർ ഡയറികളുടെ അച്ചടിയും വിതരണവും**

236(444) ശ്രീ. എം. വി. ശ്രേയാംസ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2010-ൽ അച്ചടിച്ച സർക്കാർ ഡയറികൾ, സൗജന്യമായി വിതരണം ചെയ്ത ഡയറികൾ, വിൽപ്പന നടത്തിയ സർക്കാർ ഡയറികൾ എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) 2010-ൽ സംസ്ഥാനത്തെ മന്ത്രിമാരുടെ ഓഫീസ്, വസതി എന്നിവിടങ്ങളിലേയ്ക്ക് നൽകിയ സർക്കാർ ഡയറികളുടെ എണ്ണം വ്യക്തമാക്കുമോ ;

(സി) 2011-ൽ സംസ്ഥാനത്തെ മന്ത്രിമാരുടെ ഓഫീസ്, വസതി എന്നിവിടങ്ങളിലേയ്ക്ക് നൽകിയ സർക്കാർ ഡയറികളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly